KERALA CATHOLIC FEDERTATION

Laity Movement of
Kerala Catholic Bishop Conference (KCBC)
A State Level Federation of :
All Kerala Catholic Congress
Kerala Latin Catholic Association &
Malankara Catholic Association

All Kerala Press Release 08.03.2025

# കെസിഎഫിന് പുതിയ നേതൃത്വം:
## അനിൽ ജോൺ ഫ്രാൻസിസ് - പ്രസിഡന്റ്
## വി.സി. ജോർജ്കുട്ടി - സെക്രട്ടറി

കൊച്ചി: കേരള കത്തോലിക്കാസഭയുടെ പൊതു അല്മായ പ്രസ്ഥാനമായ കേരള കാത്തലിക് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റായി കൊല്ലം രൂപതാംഗവും കെ.എൽ.സി.എ. സമിതിയംഗവുമായ അനിൽ ജോൺ ഫ്രാൻസിസും ജനറൽ സെക്രട്ടറിയായി മൂവാറ്റുപുഴ രൂപതാംഗവും എം.സി.എ. സഭാതല മുൻ ജനറൽ സെക്രട്ടറിയുമായിരുന്ന വി.സി. ജോർജ്കുട്ടിയും ട്രഷററായി തൃശ്ശൂർ അതിരൂപതാംഗവും പാസ്റ്ററൽ കൗൺസിൽ മുൻ സെക്രട്ടറിയുമായിരുന്ന അഡ്വ. ബിജു കുണ്ടുകുളവും തെരഞ്ഞെടുക്കപ്പെട്ടു.

കേരള കത്തോലിക്കാസഭയുടെ അല്മായ പ്രസ്ഥാനങ്ങളായ കത്തോലിക്കാ കോൺഗ്രസ്സ്, കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ (കെ.എൽ.സി.എ.), മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ). എന്നീ സംഘടനകളുടെ സംയുക്ത വേദിയായ കേരള കാത്തലിക് ഫെഡറേഷൻ കെസിബിസിയുടെ ഔദ്യോഗിക അല്മായ പ്രസ്ഥാനമാണ്.

പിഒസിയിൽ നടന്ന വാർഷിക ജനറൽ കൗൺസിൽ യോഗം അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. കേരള കാത്തലിക് ഫെഡറേഷൻ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. വൈസ് പ്രസിഡന്റുമാരായി ജെയ്മോൻ തോട്ടുപുറം (എറണാകുളം), ധർമ്മരാജ് പിൻകുളം (പാറശാല), സിന്ധു ജസ്റ്റസ് (കൊച്ചി), സെക്രട്ടറിമാരായി എബി കുന്നേപറമ്പിൽ (വിജയപുരം), ടെസ്സി ബിജു (കാഞ്ഞിരപ്പിള്ളി), ജസ്സി അലക്സ് (തിരുവല്ല) എന്നിവരെ തെരഞ്ഞെടുത്തു.

**വി.സി. ജോർജ്കുട്ടി**
ജനറൽ സെക്രട്ടറി, കെ.സി.എഫ്.
ഫോൺ: 9048505127